**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2896** **14-09-2023 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ, കാർഷിക രംഗങ്ങളിൽ സഹകരണ മേഖലയുടെ ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീമതി ദെലീമ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക രംഗത്ത് സഹകരണ മേഖലയുടെ സമഗ്ര ഇടപെടൽ സുശക്തമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കാമോ; | (എ) | കാർഷിക രംഗത്ത് സഹകരണ മേഖലയുടെ സമഗ്ര ഇടപെടൽ സുശക്തമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>സംസ്ഥാനത്ത് കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ പിൻതുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കൽ, ചില്ലറ വിൽപ്പന എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനായി 2022-23 സാമ്പത്തികവർഷം ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് "സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി". ടി പദ്ധതിയുടെ നടത്തിപ്പിനായി 2023-24 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ പദ്ധതി വിഹിതമായി 3450 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കാർഷിക ഉൽപ്പാദനത്തിന് മുൻപും ഉൽപ്പാദന സമയത്തുമുള്ള സഹായങ്ങൾ, സംഭരണം സംസ്കരണം വിപണന സഹായം, മൂല്യവർദ്ധനയ്ക്കായുള്ള സഹകരണ സംരംഭകത്വവും സ്റ്റാർട്ടപ്പുകൾക്കുമുള്ള സഹായം, കർഷകസേവനകേന്ദ്രങ്ങളുടെ രൂപീകരണ സഹായം എന്നീ ഘടകങ്ങൾക്കാണ് ടി തുക വകയിരുത്തിയിരിക്കുന്നത്.<br><br>ഭക്ഷ്യ കാർഷിക മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിന് വേണ്ടി കേരള സർക്കാർ പ്രഖ്യാപിച്ച സമഗ്ര പദ്ധതിയായ സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് വായ്പാ സഹായം ലഭ്യമാക്കുക, ഫാർമേഴ്സ് ക്ലസ്റ്ററുകൾ, സ്വയം സഹായ ഗ്രൂപ്പുകൾക്ക്, യുവജനങ്ങൾ എന്നിവയ്ക്ക് |

കിസാൻ ക്രെഡിറ്റ് കാർഡ് വഴി വായ്പാ ലഭ്യത ഉറപ്പ വരുത്തുക, കാർഷിക വിഭവങ്ങളുടെ സംഭരണത്തിന് റിവോൾവിംഗ് ഫണ്ട് വായ്പ ഉറപ്പാക്കുക, സംഘം അടിസ്ഥാനത്തിൽ കാർഷിക ഉൽപ്പന്നങ്ങൾ ആരംഭിക്കുക, സംയോജിത സംഭരണ കേന്ദ്രം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കുക, കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ പരിശീലനങ്ങൾ സംഘടിപ്പിക്കുക, ഫാം ഇൻപുട്ട് വിതരണത്തിലെ ഫെസിലിറ്റേറ്റർ ആയി പ്രവർത്തിക്കുക എന്നിങ്ങനെ വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കീഴിൽ കുറഞ്ഞത് 50 സെന്റ് സ്ഥലം എങ്കിലും എടുത്ത് ഒരു മാതൃകാ കൃഷിത്തോട്ടം സഹകരണ സ്ഥാപനങ്ങൾ നേരിട്ട് സജ്ജീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങളുടെ കീഴിൽ എല്ലാ കാർഷിക പ്രവർത്തനങ്ങൾക്കും കർഷകർ സ്വാശ്രയ ഗ്രൂപ്പകൾ/ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പകൾ എന്നിവയ്ക്കാവശ്യമായ കാർഷിക വായ്പാ വിതരണം നടത്തുന്നത് സഹകരണ സ്ഥാപനങ്ങളാണ്. കാർഷിക പ്രവർത്തനങ്ങൾക്കാവശ്യമായ വിത്ത്, വളം, ജൈവവളങ്ങൾ, കീടനാശിനികൾ, കാർഷിക യന്ത്രങ്ങൾ എന്നിവ ലഭ്യമാക്കിയോ, ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായമോ സഹകരണ സംഘങ്ങൾ വഴി ഉറപ്പ് വരുത്തുന്നു. സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുന്ന പ്രധാന വകുപ്പകളായ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നിവയുമായി ഏകോപിച്ച പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പദ്ധതി വഴി അനുവദിക്കുന്ന വായ്പകൾ കഴിവതും കിസാൻ ക്രെഡിറ്റ് കാർഡ് അടിസ്ഥാനത്തിൽ നൽകുവാനാണ് നിശ്ചയിച്ചിട്ടുള്ളത്.

കേരള ബാങ്ക് മുഖേന കാർഷിക/കാർഷികാനുബന്ധ മേഖലയിലെ ഇടത്തരം ദീർഘകാല ആവശ്യങ്ങൾക്ക് ദീർഘകാല കാർഷിക വായ്പ അനുവദിക്കുന്നുണ്ട്. കൂടാതെ കാർഷിക വിളവെടുപ്പാനന്തര ആവശ്യങ്ങൾക്ക് സർക്കാരിന്റെ AIF പദ്ധതിയിൽ ഉൾപ്പെടുത്തി 3% പലിശയിളവോടെ KB - LT (Agriculture) വായ്പ അനുവദിച്ച് നൽകി വരുന്നുണ്ട്. VFPCK-യുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട കർഷകർക്ക് 3 ലക്ഷം രൂപ വരെ കുറഞ്ഞ പലിശ നിരക്കിൽ KB - കിസാൻ മിത്ര (VFPCK) പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. കാർഷിക ആവശ്യങ്ങൾക്ക് സംസ്ഥാന തല സാങ്കേതിക

| | | | |
|---|---|---|---|
| | | | സമിതി നിശ്ചയിച്ചിട്ടുള്ള വായ്പാ തോതിന് അനുസൃതമായി KB കിസാൻ മിത്ര വായ്പാ പദ്ധതിയും KB- കിസ്സാൻ മിത്ര (above 3 lakh) വായ്പാ പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. മൂല്യവർദ്ധിത ഉല്പാദനത്തിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കൽ സമ്പദ്ഘടനയുടെ വളർച്ച എന്നിവ ലക്ഷ്യമിട്ട് കൊണ്ട് കാർഷിക ഉല്പ്പാദന സംഘടനകൾക്ക് KB - FPO എന്ന പ്രത്യേക വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കാർഷിക സംസ്കരണ മേഖലയിലെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണ സംരംഭങ്ങൾക്കുള്ള വായ്പാ സഹായം നൽകുന്നതിന് KB മൈക്രോഫുഡ് പ്രോസസ്സിംഗ് വായ്പാ പദ്ധതി കേന്ദ്രസർക്കാരിന്റെ സബ്സിഡിയോടെ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | കേരള ബാങ്ക് വഴി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷനുകൾ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | (ബി) | 2023-24 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കേരള ബാങ്ക് മുഖേന 100 Farmer Producers Organisation (FPO) ആരംഭിക്കുന്നതിനായി 10 കോടി രൂപ അധികമായി അനുവദിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ടി പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 14 ജില്ലകളിൽ 100 പുതിയ FPO സ്ഥാപിക്കുന്നതിനായി കേരള ബാങ്ക് ലക്ഷ്യമിടുന്നതായും ഇപ്രകാരം പുതിയതായി രൂപീകരിക്കുന്ന ഒരു FPO ക്ക് 10 ലക്ഷം രൂപ വീതം ഗ്രാന്റായി അനുവദിക്കുന്നതിന് ആകെ 1000 ലക്ഷം രൂപ ബഡ്ജറ്റിൽ നിന്നും അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസലിന് കേരളബാങ്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | സഹകരണ ആശുപത്രികൾക്ക് സർക്കാർ ധനസഹായം നൽകിവരുന്നുണ്ടോ; ആശുപത്രി അപ്പെക്സ് ഫെഡറേഷന് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | (സി) | സഹകരണ ആശുപത്രികൾക്ക് സർക്കാർ ധനസഹായം നൽകി വരുന്നുണ്ട്. ആശുപത്രി സഹകരണ സംഘങ്ങൾക്ക് അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും ബ്ലഡ് ബാങ്ക് സ്ഥാപിക്കുന്നതിനും സർക്കാർ ഓഹരി മൂലധനമായും സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും സംഘം സമർപ്പിക്കുന്ന പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്. ആശുപത്രി സഹകരണ സംഘങ്ങളുടെ അപ്പക്സ് ഫെഡറേഷൻ സമർപ്പിക്കുന്ന പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്. ആശുപത്രി സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള പലവക സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതത്തിൽ 1840 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ